# إرشـــاد الأئـمـة

تحت إشراف الأمانة عرفة للثقافة والخيرية، نلكزى، ارناكلم، كيرلا

(Arafa Cultural & Charitable Trust, Nellikuzhi. Ernakulam)

للأستاذ المولوي سي. اي. موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨

الإتصال: شمير الباقوي، ٩٤٩٥١٩٠٨٩٥

---

**തീയതി: 25/05/2018.**

**വിഷയം: " ദയാപരനാണ് റബ്ബ് "**

---

قُلْ يَا عِبَادِيَ الَّذِينَ أَسْرَفُوا عَلَىٰ أَنفُسِهِمْ لَا تَقْنَطُوا مِن رَّحْمَةِ اللَّهِ ۚ إِنَّ اللَّهَ يَغْفِرُ الذُّنُوبَ جَمِيعًا ۚ إِنَّهُ هُوَ الْغَفُورُ الرَّحِيمُ ﴿الزمر : ٥٣﴾

➢ അല്ലാഹുവിന്റെ ഏറ്റവും വലിയ സ്വിഫത്ത് കാരുണ്യമാണ്. അതുകൊണ്ടാണ് 'അല്ലാഹ്' എന്നതിനോട് റഹ്മാനും റഹീമും ചേർന്നുവന്നത്.

بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ

ഒന്ന് ഭൗതീകവും മറ്റൊന്ന് പാരത്രീകവുമായ കരുണയെ കുറിക്കുന്നു. ഒന്ന് ചെറുതിനെയും മറ്റൊന്ന് വലുതിനെയും പ്രതിനിധീകരിക്കുന്നു.

എല്ലാത്തിനോടും കരുണയുള്ളവനാണ അല്ലാഹു. മഹാനായ ഹാതമുൽ അസമ്മ്(റ) 33 വർഷം ശഖീഖുൽ ബൽഖിയുടെ ശിഷ്യനായി ജീവിച്ചു. ഒരിക്കൽ ഗുരു ചോദിച്ചു. ഇത്രകാലം കൊണ്ട് നീ പഠിച്ചതെന്താണ്?
മറുപടി: 8 കാര്യങ്ങൾ. അതിൽ ഒന്ന്: ആനയുടെ വലിപ്പം കാരണം അല്ലാഹു അതിനെ ഒഴിവാക്കാറില്ല. ഈച്ചയുടെ ചെറുപ്പം കാരണം അതിനെ മറക്കാറുമില്ല. എല്ലാവർക്കും അവൻ രിസ്ഖ് നൽകുന്നു. അവൻ എന്റെ കാര്യവും നോക്കിക്കൊള്ളുമെന്നുറപ്പാണ്. (ഇഹ്‌യാ) ഇങ്ങനെ എല്ലാത്തിനോടും കരുണയുള്ളവനാണ് അല്ലാഹു.

➢ പ്രപഞ്ചത്തിന്റെ സൃഷ്ടാവ്, ഭരണാധികാരി എന്ന നിലക്ക് ആവശ്യമാകുമ്പോൾ ശിക്ഷാവിധികളും അവൻ നടത്താറുണ്ട്.

إِنَّ الَّذِينَ كَفَرُوا بِآيَاتِ اللَّهِ لَهُمْ عَذَابٌ شَدِيدٌ ۗ وَاللَّهُ عَزِيزٌ ذُو انتِقَامٍ ﴿آل عمران : ٤﴾

നന്മക്ക് സ്വർഗ്ഗവും തിന്മക്ക് നരകവും തെറ്റിന് ശിക്ഷയും അവൻ ക്രമീകരിച്ചതാണ്. അതെല്ലാം പ്രാപഞ്ചിക നീതിയുടെ ഭാഗമാണ്. മനുഷ്യൻ തന്റെ പ്രിയപ്പെട്ട മക്കളെ ആവശ്യമായാൽ ശിക്ഷിക്കുമല്ലോ? ഇതുതന്നെയാണ് ദൈവീക നീതിയും.

➢ എന്നാൽ അല്ലാഹുവിൽ മികച്ച് നിൽക്കുന്നത് അവന്റെ കരുണയുടെ വശമാണ്.

عَنْ أَبِي هُرَيْرَةَ، قَالَ رَسُولُ اللَّهِ (ص): إِنَّ اللَّهَ كَتَبَ كِتَابًا قَبْلَ أَنْ يَخْلُقَ،إِنَّ رَحْمَتِي سَبَقَتْ غَضَبِي،فَهُوَ عِنْدَهُ فَوْقَ الْعَرْشِ (متفق عليه)

كَتَبَ رَبُّكُمْ عَلَىٰ نَفْسِهِ الرَّحْمَةَ ۖ أَنَّهُ مَنْ عَمِلَ مِنكُمْ سُوءًا بِجَهَالَةٍ ثُمَّ تَابَ مِن بَعْدِهِ وَأَصْلَحَ فَأَنَّهُ غَفُورٌ رَّحِيمٌ ﴿انعام : ٥٤﴾

➢ തിന്മ ചെയ്ത മനുഷ്യരെ സ്നേഹത്തോടെ തന്നിലേക്ക് ക്ഷണിക്കുന്ന ഒരു റബ്ബിനെയാണ് ഖുർആൻ പരിചയപ്പെടുത്തുന്നത്.

قُلْ يَا عِبَادِيَ الَّذِينَ أَسْرَفُوا عَلَىٰ أَنفُسِهِمْ لَا تَقْنَطُوا مِن رَّحْمَةِ اللَّهِ ۚ إِنَّ اللَّهَ يَغْفِرُ الذُّنُوبَ جَمِيعًا ۚ ﴿الزمر : ٥٣﴾

കാണാതായ മകനെ തിരിച്ച് കിട്ടിയ ഉമ്മയുടെ സന്തോഷം എത്ര വലുത്? ജീവൻ തിരിച്ച് കിട്ടിയ മനുഷ്യൻ എത്ര സന്തോഷിക്കും?
ഇതിലേറം സന്തോഷമാണ് തിന്മയിലൂടെ അകന്നുപോയ മനുഷ്യൻ തിരികെ വരുമ്പോൾ അല്ലാഹുവിനുള്ളത്.

عَنْ أَنَس بْن مَالِكٍ، قَالَ رَسُولُ اللَّهِ (ص) لَلَّهُ أَشَدُّ فَرَحًا بِتَوْبَةِ عَبْدِهِ حِينَ يَتُوبُ إِلَيْهِ مِنْ أَحَدِكُمْ كَانَ عَلَى رَاحِلَتِهِ بِأَرْضِ فَلَاةٍ فَانْفَلَتَتْ مِنْهُ وَعَلَيْهَا طَعَامُهُ وَشَرَابُهُ فَأَيِسَ مِنْهَا فَأَتَى شَجَرَةً فَاضْطَجَعَ فِي ظِلِّهَا قَدْ أَيِسَ مِنْ رَاحِلَتِهِ فَبَيْنَا هُوَ كَذَلِكَ إِذَا هُوَ بِهَا قَائِمَةً عِنْدَهُ فَأَخَذَ بِخِطَامِهَا ثُمَّ قَالَ مِنْ شِدَّةِ الْفَرَحِ اللَّهُمَّ أَنْتَ عَبْدِي وَأَنَا رَبُّكَ أَخْطَأَ مِنْ شِدَّةِ الْفَرَحِ (مسلم)

നാം അല്ലാഹുവിലേക്ക് അടുക്കുമ്പോൾ അതിലേറെ അല്ലാഹു നമ്മിലേക്ക് അടുക്കും. നമ്മെ സ്വീകരിക്കും.

عن أَبي هريْرة، قَالَ رَسُولُ اللَّهِ (ص) يَقُولُ اللَّهُ تَعَالَى: أَنَا عِنْدَ ظَنِّ عَبْدِي بِي وَأَنَا مَعَهُ إِذَا ذَكَرَنِي فَإِنْ ذَكَرَنِي فِي نَفْسِهِ ذَكَرْتُهُ فِي نَفْسِي وَإِنْ ذَكَرَنِي فِي مَلَإٍ ذَكَرْتُهُ فِي مَلَإٍ خَيْرٍ مِنْهُمْ وَإِنْ تَقَرَّب إِلَيَّ بِشِبْرٍ تَقَرَّبْتُ إِلَيْهِ ذِرَاعًا وَإِنْ تَقَرَّب إِلَيَّ ذِرَاعًا تَقَرَّبْتُ إِلَيْهِ بَاعًا وَإِنْ أَتَانِي يَمْشِي أَتَيْتُهُ هَرْوَلَةً (بخاري)

قَالَ النَّوَوِيُّ: قَالَ الْعُلَمَاءُ : مَعْنَى ( حُسْنُ الظَّنِّ بِاَللَّهِ تَعَالَى ) أَنْ يَظُنَّ أَنَّهُ يَرْحَمُهُ وَيَعْفُو عَنْهُ (شرح مسلم)

- ഇപ്പോൾ തൗബയുടെയും മഗ്ഫിറത്തിന്റെയും 10 ദിവസങ്ങൾ തന്നെ പ്രഖ്യാപിച്ചിരിക്കുന്നു. റമളാനിൽ ഓരോ രാവുകളിലുമുള്ള നരകമോചനത്തിന്റെയും പുറമെയാണിത്. ഈ അവസരം ഉപയോഗപ്പെടുത്തണം.

قَالَ الإِمَامُ عَلِيّ بْن زَيْن الْعَابِدِين:

يَا نَفْسُ كُفِّي عَنِ العِصْيانِ واكْتَسِبِي * فِعْلاً جميلاً لَعَلَّ اللهَ يَرحَمُني

يَا نَفْسُ وَيْحَكِ تُوبي واعمَلِي حَسَناً * عَسى تُجازَيْنَ بَعْدَ الموتِ بِالحَسَنِ

അതുവഴി റബ്ബിന്റെ സ്നേഹത്തിനും അടുപ്പത്തിനും കാരണമാകും.

إِنَّ اللَّهَ يُحِبُّ التَّوَّابِينَ وَيُحِبُّ الْمُتَطَهِّرِينَ ﴿البقرة : ٢٢٢﴾

തബൂക്ക് യുദ്ധത്തിൽ പിന്തിയ സ്വഹാബാക്കളുടെ അവസ്ഥക്ക് മാറ്റം വന്നത് അവരുടെ തൗബയിലൂടെയാണ്.

وَعَلَى الثَّلَاثَةِ الَّذِينَ خُلِّفُوا حَتَّىٰ إِذَا ضَاقَتْ عَلَيْهِمُ الْأَرْضُ بِمَا رَحُبَتْ وَضَاقَتْ عَلَيْهِمْ أَنفُسُهُمْ وَظَنُّوا أَن لَّا مَلْجَأَ مِنَ اللَّهِ إِلَّا إِلَيْهِ ثُمَّ تَابَ عَلَيْهِمْ لِيَتُوبُوا ۚ إِنَّ اللَّهَ هُوَ التَّوَّابُ الرَّحِيمُ ﴿توبة : ١١٨﴾

➢ തൗബയുടെ ഏറ്റവും വലിയ ഗുണം, പാപം പൊറുക്കപ്പെടുന്നതോടൊപ്പം അവക്കുപകരം നന്മ എഴുതപ്പെടുമെന്നതാണ്.

إِلَّا مَنْ تَابَ وَآمَنَ وَعَمِلَ عَمَلًا صَالِحًا فَأُولَٰئِكَ يُبَدِّلُ اللَّهُ سَيِّئَاتِهِمْ حَسَنَاتٍ ۗ وَكَانَ اللَّهُ غَفُورًا رَحِيمًا ﴿فرقان: ٧٠﴾

ഇത് റബ്ബിന്റെ വലിയ ഔദാര്യമാണ്. അവൻ പൊറുക്കില്ലായിരുന്നെങ്കിൽ നാം എന്തു ചെയ്തേനെ?

➢ ഇത്ര വലിയ അവസരം ലഭിച്ചിട്ടും അത് ഉപയോഗപ്പെടുത്താതിരിക്കുന്നത് റബ്ബിനോടുള്ള അവഗണനയാകും.

അവൻ വിളിച്ചിട്ടും നാം പോകുന്നില്ല. തരാം എന്നു പറഞ്ഞിട്ടും നാം ചോദിക്കുന്നില്ല. എല്ലാം മായ്ച്ചുകളയാം എന്നു പറഞ്ഞിട്ടും നാം ശ്രദ്ധിക്കുന്നില്ല. ഇത് എത്ര മോശമാണ്!

وَاتَّقُوا يَوْمًا تُرْجَعُونَ فِيهِ إِلَى اللَّهِ ۖ ثُمَّ تُوَفَّىٰ كُلُّ نَفْسٍ مَا كَسَبَتْ وَهُمْ لَا يُظْلَمُونَ ﴿بقرة: ٢٨١﴾

ഭൗതീകലോകത്ത് അധികാരമുള്ള ഒരു വ്യക്തിപോലും ഇതു സഹിക്കില്ല. മരണവേളയിലും ഖബ്റിലും മഹ്ശറിലും ആ അല്ലാഹുവിന്റെ മുന്നിൽ ഒറ്റയ്ക്ക് നാം നിൽക്കേണ്ടവരാണ്.

وَلَقَدْ جِئْتُمُونَا فُرَادَىٰ كَمَا خَلَقْنَاكُمْ أَوَّلَ مَرَّةٍ وَتَرَكْتُمْ مَا خَوَّلْنَاكُمْ وَرَاءَ ظُهُورِكُمْ ۖ ﴿انعام: ٩٤﴾

നമുക്ക് റബ്ബിലേക്ക് മടങ്ങാം. അവൻ ദയാപരനാണ്. നമ്മെ സ്വീകരിക്കാതിരിക്കില്ല.

∆ ∆ ∆